**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6188** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ, സ്റ്റാഫ് പാറ്റേൺ എന്നിവ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്കുകൾ/ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന്റെയും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന്റെയും ഭാഗമായി വിവിധ സഹകരണ സംഘങ്ങളുടെ അസോസിയേഷൻ പ്രതിനിധികളുമായും, ജീവനക്കാരുടെ അസോസിയേഷൻ പ്രതിനിധികളുമായും ചർച്ചകൾ നടത്തി അവർ സമർപ്പിച്ച പ്രൊപ്പോസലുകളുടെ കൂടി അടിസ്ഥാനത്തിൽ ഭേദഗതി വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുണ്ട് |
| (ബി) | സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; ഇതിൽ എന്തെങ്കിലും പരിഷ്കരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതുസാഹചര്യത്തിലാണ് ഇപ്രകാരം നടപടി സ്വീകരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് നിലവിൽ ടീം ഓഡിറ്റ് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.<br><br>ബഹു. കേരള മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിൽ സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുകയും ടി പദ്ധതി വൻ വിജയമായതിനെ തുടർന്ന് പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കിയ മാതൃകയിൽ എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ